**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - കൊല്ലം ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫായ ശ്രീ. മുഹമ്മദ് ഇക്ബാൽ ഐ., (ക്ലാർക്ക്, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം) - അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു..

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം. 2620/2018/തസ്വഭവ. തിരുവനന്തപുരം, തീയതി 11/10/2018**

---

പരാമർശം:- 1. 10.05.2013 തീയതിയിലെ 42/2013/Fin നം. സർക്കുലർ
2. 28.11.2013 തീയതിയിലെ സ.ഉ.(പി)നം. 580/2013/Fin ഉത്തരവ്
3. 24.07.2015 തീയതിയിലെ സ.ഉ(സാധാ)2268/15/തസ്വഭവ ഉത്തരവ്
4. 23.06.2017 തീയതിയിലെ സ.ഉ(സാധാ)2106/17/തസ്വഭവ ഉത്തരവ്
5. 08.02.2018 തീയതിയിലെ സ.ഉ(സാധാ)396/17/തസ്വഭവ ഉത്തരവ്
6. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 17.07.2018-ലെ 6502/ഇ 1/2015/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്

ഉത്തരവ്

കുടുംബശ്രീ കൊല്ലം ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫായി പരാമർശം(3,4,5) പ്രകാരം ജോലി നോക്കി വരുന്ന ശ്രീ. മുഹമ്മദ് ഇക്ബാൽ ഐ., (ക്ലാർക്ക്, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം) - ന്റെ അന്യത്രസേവന കാലാവധി 29/07/2018 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (6) ലെ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫായ ശ്രീ. മുഹമ്മദ് ഇക്ബാൽ ഐ., ക്ലാർക്ക്, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരത്തിന്റെ അന്യത്ര സേവനകാലം കേരള സർവ്വീസ് റൂൾ **(140 സി)** പ്രകാരമുള്ള വ്യവസ്ഥകൾക്കും മേൽ സർക്കുലറുകളിലെ മാനദണ്ഡങ്ങൾക്കും വിധേയമായി **29/07/2018** മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**മിനി എം.ആർ**
**ഗവൺമെന്റ് അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ,, തിരുവനന്തപുരം
ബന്ധപ്പെട്ട വ്യക്തിക്ക് (ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം)
ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (എൽ.ബി.എ) കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**